## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4707 | 28.06. 2013 -ൽ മറുപടിയ്ക്ക്

## വസ്തുനികുതി പുനർനിർണ്ണയചട്ടങ്ങളിലെ ഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശശി | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) | കേരള പഞ്ചായത്ത് രാജ് 2011-ലെ വസ്തുനികുതി പുനർനിർണ്ണയ ചട്ടങ്ങളിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കി ഉടമകൾക്ക് നികുതി നിർണ്ണയിക്കാനുള്ള വ്യവസ്ഥ നീക്കം ചെയ്യാനുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ ; | (എ) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 11-ാം ചട്ടത്തിൽ, കെട്ടിട ഉടമകൾക്ക് അവരുടെ കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. നികുതി നിർണ്ണയത്തിന് നിശ്ചയിച്ച ഫാറത്തിന്റെ സങ്കീർണ്ണതകൾ കണക്കിലെടുത്ത് ഉടമകൾക്ക് ഫാറം പൂരിപ്പിച്ചു നൽകുന്നതിനുണ്ടായ ബുദ്ധിമുട്ടുകൾ പരിഗണിച്ചുമാണ് ഉടമകൾ നികുതി നിർണ്ണയിക്കേണ്ട ഭാഗങ്ങൾ ഒഴിവാക്കിയിട്ടുള്ളത്. |
| (ബി) | ഇത്തരത്തിൽ വ്യവസ്ഥകൾ ഭേദഗതി ചെയ്യത് മൂലം നികുതി നിശ്ചയിക്കുന്നതിലെ സുതാര്യത ഇല്ലാതാകുമെന്നും ആയത് അഴിമതിയ്ക്ക് കാരണമാകുമെന്നുമുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഗാർഹികവും വാണിജ്യാവശ്യങ്ങൾക്കുള്ളതുമായ കെട്ടിടങ്ങൾക്ക് ബാധകമാക്കുന്ന നികുതി നിരക്കുകൾ ഇതിനായി സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ തീരുമാനിച്ചു കഴിഞ്ഞാൽ, വഴി സൗകര്യത്തിന്റെയും കെട്ടിട നിർമ്മാണത്തിനുപയോഗിച്ചിട്ടുള്ള വസ്തുക്കളുടെയും പ്രസ്തുത കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളുമനുസരിച്ചുള്ള തുകയും കൂട്ടിച്ചേർത്താണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഇപ്രകാരം ഓരോ കെട്ടിട ഉടമയ്ക്കും തന്റെ കെട്ടിടത്തിന് ബാധകമാകുന്ന വസ്തുനികുതി എത്രയാണെന്ന് സ്വയം നിർണ്ണയിക്കുവാൻ വസ്തുനികുതി ചട്ടങ്ങളിലെ നിലവിലുള്ള വ്യവസ്ഥകൾ പര്യാപ്തമാണ്. |

ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച വസ്തുനികുതി തുക കൂടുതലാണെന്നാക്ഷേപമുള്ള പക്ഷം അതിനെതിരെ പരാതി നൽകി പരിഹാരം തേടുന്നതിനും മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇപ്രകാരം ഏർപ്പെടുത്തിയ പുതിയ വ്യവസ്ഥകൾ നികുതിദായകർക്ക് ആശ്വാസമേകുന്നതും നടപടികൾ സുതാര്യമാക്കാൻ ഉപയുക്തവുമാണ്.

---

(സി) ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകൾ നൽകുന്ന സത്യവാങ്മൂലം കൂടി പരിഗണിച്ച് നികുതി നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് പുതുക്കി നിശ്ചയിച്ച ഫാറത്തിലും കെട്ടിട ഉടമകൾക്ക് സ്വയം അവരുടെ കെട്ടിടത്തിന് ബാധകമായ വസ്തുനികുതി എത്രയെന്ന് നിർണ്ണയിക്കുവാൻ കഴിയുംവിധമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കെട്ടിട ഉടമകൾ വസ്തുനികുതി റിട്ടേൺ സമർപ്പിച്ചാൽ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ 6 മാസത്തിനകം സ്ഥലപരിശോധന നടത്തി വിവരം ശേഖരിക്കണമെന്നും അതനുസരിച്ച് വസ്തുനികുതി നിർണ്ണയിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെങ്കിൽ അതിന് പിഴ ചുമത്തുന്നതാണെന്നുമുള്ള വ്യവസ്ഥ ഒഴിവാക്കുകയാണുണ്ടായിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**